




**കരുണാകരന്റെ കാലത്തെ ഭരണകൂട ഭീകരതകൾ കേരള സമൂഹത്തിന്റെ കൂട്ടമറവിയിലേക്ക് വഴുതി വീഴാതെ സൂക്ഷിച്ചതിൽ മകൻ രാജനെ തേടിയുള്ള ടി.വി. ഈച്ചരവാര്യരുടെ അന്വേഷണങ്ങൾ നിർണ്ണായക പങ്ക് വഹിച്ചു. അടിയന്തരാവസ്ഥ കാലത്തെ ഹിംസകൾ സമൂഹത്തിന് മുന്നിൽ തുറന്ന് കാട്ടിയ ഈച്ചരവാര്യരുടെ ''ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ'' എന്ന പുസ്തകത്തിലെ അധ്യായം വീണ്ടും വായനയ്ക്കായി പങ്കുവയ്ക്കുന്നു**

# കരുതിവെച്ച ഒരിലച്ചോറ്

1976 മാർച്ച് 10, തിരുവനന്തപുരത്തെ മൻമോഹൻ പാലസ് ബഹളങ്ങളില്ലാതെ ശാന്തമായിരുന്നു. അടിയന്തരാവസ്ഥയുടെ നിഗൂഢമായൊരു സ്പർശം ചരിത്രമുറങ്ങുന്ന ആ കെട്ടിടത്തെയും ബാധിച്ചതുപോലെ ആഭ്യന്തരമന്ത്രി താമസിക്കുന്ന അവിടെ ഖദർധാരികളുടെ ഒച്ചയനക്കം പോലുമില്ലായിരുന്നു.

ആഭ്യന്തരമന്ത്രി കരുണാകരന്റെ മുറിയിലേക്ക് പ്രവേശിക്കാൻ അധിക സമയം കാത്തിരിക്കേണ്ടി വന്നില്ല. ഞാൻ മുട്ടുന്ന അവസാന വാതിലുകളിലൊന്നായിരുന്നു അത്. കരുണാകരന്റെ വീട്. കോഴിക്കോട് റീജണൽ എഞ്ചിനീയറിംഗ് ഹോസ്റ്റൽ മുറ്റത്തു നിന്ന് പോലീസ് പിടിച്ചു കൊണ്ടു പോയ മകനെ അന്വേഷിച്ച്. എന്റെ കൂടെ രണ്ടുപേരുണ്ടായിരുന്നു. കോഴിക്കോടുനിന്ന് ആർ. സുരേന്ദ്രനെന്ന എന്റെ ഒരു പഴയ വിദ്യാർത്ഥിയും സുഹൃത്തായ എറണാകുളം വെണ്ണലയിലെ ഒരു പ്രൊഫസറും. കരുണാകരന്റെ അടുത്ത സുഹൃത്തായ പ്രൊഫസർ. കോഴിക്കോട്ടുനിന്ന് നേരത്തെ പുറപ്പെട്ട ഞാനും സുരേന്ദ്രനും പുലർച്ചയോടെ എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിലെത്തി. വെളുക്കുന്നതുവരെ കൊതുകിന്റെ ആക്രമണം സഹിച്ചും പുലർമഞ്ഞേറ്റും സിമന്റുബഞ്ചിൽ കിടന്നു. മനസ്സ് ഉരുകുകയായിരുന്നു. മൂന്നാലുകിലോമീറ്റർ ദൂരെ സൗഹൃദ നിലയത്തിൽ രാജന്റെ അമ്മയും സഹോദരിമാരും ഈ വേവറിയാതെ ഉറങ്ങുകയാകും. വെള്ള കീറുമ്പോൾ വെണ്ണലയിലെത്തി പ്രൊഫസറെ കണ്ട് വിവരം പറഞ്ഞു. ഉടനെ അദ്ദേഹം ഞങ്ങളുടെ കൂടെ ഇറങ്ങി. രാജന്റെ തിരോധാനം അദ്ദേഹത്തെയും മഥിക്കുന്നതുപോലെ തോന്നി. കരുണാകരന്റ വീടിന്റെ അകത്തളത്തിലേക്കുവരെ പ്രവേശനമുള്ള ആളായിരുന്നു പ്രൊഫസർ. കരുണാകരന്റെ സഹധർമ്മിണി കല്ല്യാണിക്കുട്ടിയമ്മയ്ക്കും പ്രൊഫസറെ പ്രിയമായിരുന്നു.

തിരുവനന്തപുരത്തെത്തിയ ഉടനെ പ്രൊഫസർ മൻമോഹൻ പാലസിലേക്കു പോയി കരുണാകരനുമായുള്ള കൂടിക്കാഴ്ച ശരിയാക്കി. പിറ്റേദിവസം രാവലിലെ 10 ന് സിപി. സത്രത്തിലാണെന്നു തോന്നുന്നു ഞങ്ങൾ തങ്ങി.

മൻമോഹൻ പാലസിന്റെ അകത്തളങ്ങളിൽനിന്ന് നിറഞ്ഞ ചിരിയോടെയാണ് കരുണാകരൻ കടന്നുവന്നത്. എന്നെ കണ്ടയുടനെ അദ്ദേഹത്തിന്റെ

**ഞാൻ കരുണാകരനുനേരെ കൈകൂപ്പി. എന്റെ ശബ്ദം തിരിച്ചറിയാൻ കഴിയാത്ത ഒരു വികാരംകൊണ്ട് ഇടറി. ഞാൻ, പറഞ്ഞു: ''ഇല്ല, അവന് അതിനൊന്നും കഴിയില്ല. കായണ്ണ പോലീസ് സ്റ്റേഷനാക്രമണം നടക്കുമ്പോൾ അവൻ ഫാറൂഖ് കോളേജിൽ കോളേജ് യൂത്ത് ഫെസ്റ്റിവലിൽ പങ്കെടുക്കുകയായിരുന്നു. രാജൻ എഞ്ചിനീയറിംഗ് കോളേജിന്റെ ആർട്സ് അസോസിയേഷൻ സെക്രട്ടറി ആയിരുന്നു.'' കരുണാകരൻ എന്റെ തോളിൽ സ്പർശിച്ചു. അദ്ദേഹത്തിന്റെ സ്വരം നന്നെ മൃദുവായിരുന്നു. '' ഞാൻ അന്വേഷിച്ച് ഉടനെ വിവരമറിയിക്കാം. എന്നെക്കൊണ്ടാവുന്നത് ഞാൻ ചെയ്യാം. മാഷും ഞാനും തമ്മിലുള്ള ബന്ധം അങ്ങനെയല്ലേ?'' കരുണാകരൻ പറഞ്ഞു.**



മുഖത്ത് ഒരു നിമിഷം വിഷാദം പരന്നോ? തോന്നലാകാം . ഞാൻ മനസ്സിനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹം എന്നെ ആശ്ലേഷിച്ചു.

" മാഷ് ഈ വിവരം എന്തേ നേരത്തെ പറഞ്ഞില്ല? ഞാനറിഞ്ഞിരുന്നെങ്കിൽ എല്ലാം നേരത്തെ ശരിയാക്കുമായിരുന്നു....." കരുണാകരൻ ഒരു നിമിഷം നിർത്തി. എന്റെ മനസ്സിൽ ഒരു മിന്നൽ.......

"പിന്നെ ... രാജനെന്ന പേരു കേൾക്കുമ്പോൾ എന്തോ നന്നേ പരിചയം തോന്നുന്നു... സീരിയസ്സായ ഏതോ കേസ്സിൽ അയാൾ പെട്ടിട്ടുള്ളപോലെ....."

ഞാൻ കരുണാകരനുനേരെ കൈകൂപ്പി. എന്റെ ശബ്ദം തിരിച്ചറിയാൻ കഴിയാത്ത ഒരു വികാരംകൊണ്ട് ഇടറി. ഞാൻ, പറഞ്ഞു: "ഇല്ല, അവന് അതിനൊന്നും കഴിയില്ല. കായണ്ണ പോലീസ് സ്റ്റേഷനാക്രമണം നടക്കുമ്പോൾ അവൻ ഫാറൂഖ് കോളേജിൽ കോളേജ് യൂത്ത് ഫെസ്റ്റിവലിൽ പങ്കെടുക്കുകയായിരുന്നു. രാജൻ എഞ്ചിനീയറിംഗ് കോളേജിന്റെ ആർട്സ് അസോസിയേഷൻ സെക്രട്ടറി ആയിരുന്നു. "

കരുണാകരൻ എന്റെ തോളിൽ സ്പർശിച്ചു. അദ്ദേഹത്തിന്റെ സ്വരം നന്നെ മൃദുവായിരുന്നു. " ഞാൻ അന്വേഷിച്ച് ഉടനെ വിവരമറിയിക്കാം. എന്നെക്കൊണ്ടാവുന്നത് ഞാൻ ചെയ്യാം. മാഷും ഞാനും തമ്മിലുള്ള ബന്ധം അങ്ങനെയല്ലേ?" കരുണാകരൻ പറഞ്ഞു. ഞാൻ ഒരിക്കൽ കൂടി കരുണാകരനെ തൊഴുതു. മൻമോഹൻ പാലസിന്റെ മുറ്റത്തെ വെയിലിൽ എന്റെ കണ്ണുകൾ മഞ്ഞളിച്ചു. എന്റെ പഴയ വിദ്യാർത്ഥിയായ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ റിസർച്ചു ചെയ്യുന്ന സുരേന്ദ്രന്റെ കൈകൾ എന്നെ വട്ടം ചുറ്റിയിരുന്നു, പ്രതീക്ഷയുടെ അവസാനതുരുത്തും മറയുകയായയണോ?

1976 ഫെബ്രുവരി 26 നാണ് ഞാൻ എന്റെ മകൻ രാജനെ അവസാനമായി കാണുന്നത്. അവനന്ന് കോഴിക്കോട്ടുനിന്ന് 13 കിമീ. ദൂരമുള്ള ചാത്തമംഗലം റീജണൽ എഞ്ചിനീയറിംഗ് കോളേജിൽ അവസാന വർഷവിദ്യാർത്ഥിയായിരുന്നു. ഞാൻ കോഴിക്കോട് ഗവ.ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ ഹിന്ദി പ്രൊഫസറും.... മുതലക്കുളത്തിനടുത്ത് ജനറൽ ആശുപത്രിയുടെ എതിർ വശത്തുള്ള കേരളഭവൻ ലോഡ്ജിലായിരുന്നു എന്റെ താമസം. രാജൻ കൂടെക്കൂടെ വന്ന് എന്നെ കാണും. കുറച്ച് പൈസ വാങ്ങാനായിരുന്നു അവന്റെ അവസാനത്തെ വരവ്. ഫെബ്രുവരി 26ന് ഞാനവനെ ലോഡ്ജുമുറിയിൽ വെച്ചു കണ്ടു. രാത്രി ഏഴു മണി കഴിഞ്ഞിരിക്കണം. പഠന അവധിക്ക് വീട്ടിൽ വരണമെന്ന് ഞാൻ അവനോട് പറഞ്ഞു. വരാമെന്ന് അവൻ തലയാട്ടി.

ചേർപ്പിൽ തിരുവുള്ളക്കാവ് വാരിയത്തായിരുന്നു എന്റെ ജനനം. തറവാട് ഭാഗം വെച്ചതിനെത്തുടർന്ന് എറണാകുളം പറമ്പിത്തറ റോഡിൽ സൗഹൃദ നിലയം എന്ന പേരിൽ വീടുപണിത് താമസമാക്കി. ഭാര്യരാധാവാരസ്യാരെ കൂടാതെ മൂന്നുമക്കളും എന്റെ സഹോദരി കൊച്ചമ്മിണി വാരസ്യാരും അവരുടെ ഭർത്താവും രാധയുടെ സഹോദരൻ റെയിൽവേ ജീവനക്കാരനായ അച്യുതവാര്യരും ഞങ്ങളുടെ ഒപ്പം താമസിച്ചിരുന്നു.

1976 മാർച്ച് 1 ന് തിങ്കളാഴ്ച ഞാൻ കോളേജിലെത്തിയപ്പോഴാണ് രാജനെ പോലീസ് പിടിച്ചുകൊണ്ടുപോയി എന്ന വിവരം ലഭിച്ചത് ഇപ്പോൾ ഡിആർഡി. എയിൽ എഞ്ചിനീയറായ കർമ്മചന്ദ്രനെന്ന രാജന്റെ സുഹൃത്താണ് കോളേജിൽ വിളിച്ച് വിവരം പറഞ്ഞത്. അപ്പോൾ സമയം 10 മണിയായിട്ടില്ല. പ്രിൻസിപ്പലിന്റെ അനുവാദം വാങ്ങി ഞാൻ ചാത്തമംഗലത്തേക്ക് തിരിച്ചു.

കോളേജ് പരിസരം ശ്മശാനമൂകമായിരുന്നു. 29 ന് രാവിലെയായിരുന്നു രാജനെ അറസ്റ്റ് ചെയ്തത്. തലേദിവ

സം രാത്രി ഫാറൂഖ് കോളേജിലെ ഫെസ്റ്റിവലിൽ പങ്കെടുത്ത് പുലർച്ചെ ഹോസ്റ്റലിന്റെ മുന്നിൽ ബസ്സിൽ വന്നിറങ്ങിയപ്പോഴായിരുന്നു അറസ്റ്റ്. അവനെ ആദ്യം കോഴിക്കോട്ടേയ്ക്കും പിന്നീട് കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമണത്തിന്റെ അന്വേഷണത്തിനായി സ്ഥാപിച്ച കക്കയത്തെ ക്യാമ്പിലേക്കും കൊണ്ടുപോയതായി അറിഞ്ഞു. കക്കയം ക്യാമ്പിൽ പോയിട്ട് കാര്യമില്ലെന്നാണ് വിവരമെങ്കിലും അവനെ തിരഞ്ഞ് ഞാൻ കക്കയത്തേക്ക് പോയി.

ഇലക്ട്രിസിറ്റി ബോർഡിന്റെ ആസ്ബറ്റോസ് മേഞ്ഞ പഴയ കെട്ടിടത്തിലായിരുന്നു കക്കയം ക്യാമ്പ് പ്രവർത്തിച്ചിരുന്നത്. ക്യാമ്പിന് മുന്നിൽ തടാകം പോലെയുള്ള ഒരു ജലാശയമുണ്ടായിരുന്നു. ഈ ജലാശയത്തിനു മുകളിലൂടെ ഒരു മരപ്പാലമിട്ട് ക്യാമ്പ് കരയുമായി ബന്ധിപ്പിച്ചു. തോക്ക് മുകളിലേക്കുയർത്തിപ്പിടിച്ച ഒരു പോലീസുകാരൻ ഇവിടെ സദാ ജാഗരൂകനായി നിലകൊണ്ടിരുന്നു.

ഞാൻ ആ കാവൽക്കാരനോട് പറഞ്ഞു നേരെ ചെന്ന് വന്നകാര്യം പറഞ്ഞു. അയാൾ വലിയ ഗൗരവത്തിലായിരുന്നു. പക്ഷേ എന്നോട് മോശമായ ഒരു വാക്കും പറഞ്ഞില്ല. നേരെ അയാൾ ക്യാമ്പിലേക്ക് പോയി. ക്യാമ്പിന്റെ സർവ്വാധിപതി ജയറാം പടിക്കലായിരുന്നു. തിരിച്ചുവന്ന പോലീസുകാരൻ ക്യാമ്പിലേക്കു പോകാൻ എനിക്ക് അധികാരമില്ലെന്നും എന്റെ മകൻ രാജൻ ക്യാമ്പിൽ സുഖമായി ഇരിക്കുന്നു എന്നും എന്നെ അറിയിച്ചു. പെട്ടെന്നു മനസ്സിൽ കുളിർമ്മപരന്നു. അടുത്ത നിമിഷം ഞാൻ പറഞ്ഞു: ‘‘എനിക്ക് എന്റെ മോനെ കാണണം.’’ അയാൾ മലപോലെ നിൽക്കുകയാണ്. തീർത്തും ഏകനായി നിന്ന് ഞാൻ ഒച്ചവെച്ചു. എന്റെ ശബ്ദം വല്ലാത്ത ഉച്ചത്തിലായിരുന്നു.

‘‘എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല’’ ഗാർഡ് പറഞ്ഞു. അയാളുടെ മുഖം എന്തുകൊണ്ടോ വിവർണ്ണമായിരുന്നു എന്ന് എനിക്കു തോന്നി. എങ്കിൽ ജയറാം പടിക്കലിനെയെങ്കിലും കാണാൻ എന്നെ അനുവദിക്കുക.’’ ഞാൻ വാശിപിടിച്ചു. ഒരു കുട്ടിയുടേതുപോലുള്ള എന്റെ ശാഠ്യം പിടിക്കൽ ജലാശയത്തിന്റെ പ്രതലങ്ങളിൽ തട്ടി നേർത്ത ഒരിരമ്പലോടെ പ്രതിധ്വനിച്ചു. ഏറെ നേരം ഞാൻ ഗാർഡനുമുന്നിൽ നിശ്ശേഷ്ടനായി നിന്നു. അയാളുടെ മുകളിലേക്കുയർത്തിപ്പിടിച്ച തോക്കുമാത്രം ഇടയ്ക്ക് വശങ്ങളിലേക്കായി ഞാൻ പറയുന്നത് ശ്രദ്ധിക്കാതിരിക്കാൻ അയാൾ ശ്രമിച്ചുകൊണ്ടിരുന്നു. ഏകാന്തമായ കാത്തിരിപ്പിനിടയിൽ ഒരു കരച്ചിൽ എന്റെ തൊണ്ടയിൽ കുരുങ്ങി. കക്കയം ക്യാമ്പിന്റെ അകത്തളങ്ങളിലെ തടവുമുറിയുടെ സുഷിരങ്ങളിൽ നിന്ന് മകന്റെ ” അച്ഛാ” എന്ന വിളി ഉയരുന്നുണ്ടെന്ന് ഞാൻ സംശയിച്ചു. കുറേ കഴിഞ്ഞ് തളർന്ന് ഞാൻ തിരിഞ്ഞു നടക്കാൻ തുടങ്ങി. ആ പോലീസുകാരൻ എന്നെത്തന്നെ നോക്കി നിൽക്കുകയാണ്..... പെട്ടെന്നയാൾ കുന്നിലെ പച്ചപ്പിലേക്ക് കണ്ണുതിരിച്ചു.

കരുണാകരനെ കണ്ടതിനുശേഷം മാതൃഭൂമിയുടെ കോഴിക്കോട്ടെ റിപ്പോർട്ടറായ സാദിരിക്കോയ എന്നെ വിളിച്ചു. കരുണാകരന്റെ പ്രിയപ്പെട്ട ശിഷ്യന്മാരിലൊരാളായിരുന്നു അയാൾ. അടിയന്തരാവസ്ഥയിലെ വടക്കൻ കേരളത്തിന്റെ ആഭ്യന്തരമന്ത്രി. രാജനെക്കുറിച്ചുള്ള വിവരങ്ങൾ തേടി മൂന്നുപ്രാവശ്യം ഞാനയാളെ സമീപിച്ചിരുന്നു. ” ഞാൻ ശ്രമിക്കുന്നുണ്ട്” എന്ന് മാത്രമായിരുന്നു മറുപടി. എന്നാൽ ഇപ്രാവശ്യം അയാൾ നൽകിയത് വളരെ വ്യത്യസ്തമായ ഒരറിവായിരുന്നു. ഒരു നക്സലിന്റെ താവളം കാണിക്കാൻ കൊണ്ടുപോകുമ്പോൾ പൊലീസ് ജീപ്പിൽ നിന്ന് രാജൻ ഓടി രക്ഷപ്പെട്ടു എന്ന വിവരമായിരുന്നു അത്.

താങ്കൾക്ക് ഈ വിവരം എവിടെ നിന്ന് ലഭിച്ചു എന്ന് ഞാൻ ചോദിച്ചു. “ഒരു വിശ്വസനീയ കേന്ദ്രത്തിൽ നിന്ന് എന്ന് മാത്രം മനസ്സിലാക്കിയാൽ മതി” എന്നായിരുന്നു സാദിരിക്കോയയുടെ ഉത്തരം. ആ വിശ്വസനീയ കേന്ദ്രം കരുണാകരൻ തന്നെ എന്ന് എനിക്ക് മനസ്സിലായി.

സാദിരിക്കോയയുടെ വെളിപ്പെടുത്തൽ എന്നിൽ പ്രതീക്ഷ വളർത്തി. അതേസമയം ആശങ്കകളുടെ കറുത്ത മേഘങ്ങൾ എന്നിൽ കൂടുതൽ നിറഞ്ഞു. മകൻ എവിടെയെന്ന അന്വേഷണം ഞാൻ തുടരുകയായിരുന്നു.

എഞ്ചിനീയറിംഗ് കോളേജിന്റെ പ്രിൻസിപ്പൽ പ്രൊഫ. വഹാബുദ്ദീനും വേറൊരു പ്രൊഫസറും കക്കയം ക്യാമ്പ് സന്ദർശിച്ചിരുന്നു. ജയറാം പടിക്കൽ ഏറെ നീചമായാണ് ഈ സ്നേഹനിധികളായ അധ്യാപകരോട് പെരുമാറിയത്. തങ്ങളുടെ പ്രിൻസിപ്പൽ വന്നിട്ടുണ്ടെന്നറിഞ്ഞ് കസ്റ്റഡിയിലുള്ള വിദ്യാർത്ഥികൾ അദ്ദേഹത്തെ ജനലിലൂടെ എത്തിനോക്കി. എന്നാൽ രാജന്റെ മുഖം മാത്രം കണ്ടില്ല.

രാജൻ വരുമെന്നു തന്നെ ഞാൻ ഉറച്ചു വിശ്വസിച്ചു. രാത്രി അപ്പോഴും ഒരിലച്ചോറു കരുതിവെയ്ക്കാൻ ഞാൻ ഭാര്യയോട് പറഞ്ഞുകൊണ്ടിരുന്നു. അവനെപ്പോഴും വരാം. പട്ടിണി കിടന്ന് വിശന്ന വയറോടെ ചടച്ച ശരീരത്തോടെ അവൻ വരുമ്പോൾ അവനുവേണ്ടി ചോറ് കരുതിവെച്ചിരിക്കണം. അവന് വരാതിരിക്കാനാവില്ല.

പട്ടികൾ അകാരണമായി കുരയ്ക്കുകയും ഓളിയിടുകയും ചെയ്ത രാത്രികളിൽ ഉമ്മറവാതിൽ തുറന്ന് ‘‘അച്ഛാ’’ എന്ന വിളി ഉയരുന്നുണ്ടോയെന്ന് ഇരുട്ടിലേക്ക് ചെവി കൂർപ്പിച്ച് പലതവണ ഞാൻ നിന്നു. പിന്നെ വാതിലടയ്ക്കാതെ കിടക്കയിലേക്ക് വീണു. ‘‘കുഞ്ഞിമോനേ’’ എന്ന കരച്ചിൽ എന്റെ നെഞ്ചിലെ ഗദ്ഗദത്തിൽ കുഴഞ്ഞു. എന്റെ കണ്ണിൽ നിന്ന് കണ്ണീരടരുന്നതും എനിക്ക് തടയേണ്ടതുണ്ടായിരുന്നു. അവന്റെ അമ്മ. രാധ ഇതൊന്നും അറിഞ്ഞുകൂടാ....

**books
magazines
periodicals**

BYWORD
**BOOKS**

marva plaza, machingal lane,m.g. road, thrissur
Tel. : 0487 3256689,Mob : 9847764577